പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4014 25.06.2018 -ലെ മറുപടിക്ക്**

**<u>പട്ടിക വിഭാഗങ്ങളിലുള്ള ഭൂരഹിതരായ കുടുംബങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗക്കാരുടെ ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുവാൻ എല്ലാ നടപടികളും കൈക്കൊള്ളുമെന്നും ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എത്രമാത്രം സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പുറമ്പോക്ക് ഭൂമി, മിച്ച ഭൂമി എന്നിവ ഭൂരഹിത കുടുംബങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായേ വിതരണം ചെയ്യുവാൻ കഴിയുകയുള്ളൂ. ഭൂരഹിത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകാൻ ഭൂമി വാങ്ങി നൽകൽ, വനാവകാശ പ്രകാരം ഉള്ള ഭൂമി, സുപ്രീംകോടതി വിധി മൂലം ലഭ്യമായ ഭൂമി, എന്നിവയിലൂടെ ഭൂമി നൽകുന്നുണ്ട്. |
| (ബി) | ലൈഫ് മിഷന്റെ സർവ്വേയിൽ നിലവിൽ ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | 47,671 |
| (സി) | ഓരോ സ്ഥലത്തെയും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ച ഭൂമി എന്നിവ ഈ വിഭാഗത്തിന് വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (സി) | വാസയോഗ്യമായ ഗൃഹനിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി വിതരണം ചെയ്യുന്നതിന് ഓരോപ്രദേശത്തും പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ ലഭ്യമല്ലെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് തങ്ങൾക്ക് | | **<u>പട്ടികജാതി വികസന വകുപ്പ്-</u>**<br>ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങളെ |

| | | | |
|---|---|---|---|
| | ഇഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കുവാൻ സ്വാതന്ത്ര്യം നൽകുമെന്നും പ്രസ്തുത സ്ഥലത്തെ ഭൂമിയുടെ വിപണി വില അവർക്ക് ഭൂമി വാങ്ങുന്നതിന് സഹായ ധനമായി നൽകുമെന്നുമുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താവ് സ്വമേധയാ തെരഞ്ഞെടുക്കുന്ന ഭൂമി തന്നെയാണ് മാർക്കറ്റ് വാല്യൂവിന്റെ അടിസ്ഥാനത്തിലുള്ള വില ധനസഹായമായി നൽകി ഗുണഭോക്താവിന് ഭൂമി ലഭ്യമാക്കുന്നത്.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**- 2013-14 ൽ ആരംഭിച്ച "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി" പ്രകാരം ഗുണഭോക്താവ് സ്വമേധയാ കണ്ടെത്തുന്ന ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വ്യാപകമായ പരാതികൾ വന്ന സാഹചര്യത്തിൽ ഈ പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ച് അർഹതയുള്ള എല്ലാപേർക്കും ഭൂമി ലഭിക്കുന്നതിനായി ഭൂമി വകുപ്പ് നേരിട്ട് വാങ്ങി ഭൂരഹിതർക്ക് നൽകുന്നതിനായുള്ള പുതിയ പദ്ധതി 03.03.2018-ലെ സ.ഉ.(എം.എസ്) നം.21/2018/പജപവവിവ പ്രകാരം പരിഷ്കരിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ